പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3121 — 13.07.2015-ൽ മറുപടിയ്ക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

(എ) കെ.എസ്.ആർ.ടി.സി.ക്ക് വസ്തുവകകൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മൊത്തം ആസ്തി എത്രയെന്നും മൊത്തം കടം ആർക്കെല്ലാം നൽകുവാനുണ്ടെന്നും ഇതിനായി പ്രതിമാസം മുതലിനത്തിൽ / പലിശയിനത്തിൽ എത്ര തുക നൽകി വരുന്നു എന്നും വ്യക്തമാക്കുമോ ;

(എ) കെ.എസ്.ആർ.ടി.സി.യുടെ ആകെ ആസ്തിമൂല്യം 3674.13 കോടി രൂപയാണ്. 30.06.2015 ലെ കണക്ക് പ്രകാരമുള്ള കെ.എസ്.ആർ.ടി.സി.യുടെ ആകെ വായ്പാ ബാദ്ധ്യത 1,760.27 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെ.റ്റി.ഡി.എഫ്.സി | 1366.19 കോടി രൂപ |
| ഹഡ്കോ | 139.76 കോടി രൂപ |
| എൽ.ഐ.സി. | 65 കോടി രൂപ |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 180.85 കോടി രൂപ |
| കെ.എസ്.റ്റി 133 സൊസൈറ്റി | 8.47 കോടി രൂപ |
| **ആകെ** | **1,760.27 കോടി** രൂപ |

ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകളുടെ പ്രതിമാസ തിരിച്ചടവിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മുതൽ | പലിശ |
|---|---|---|
| കെ.റ്റി.ഡി.എഫ്.സി | 48 കോടി രൂപ | 8.50 കോടി രൂപ |
| ഹഡ്കോ | 1.27 കോടി രൂപ | 1.51 കോടി രൂപ |
| എൽ.ഐ.സി. | 0.42 കോടി രൂപ | 0.76 കോടി രൂപ |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 3.34 കോടി രൂപ | 1.86 കോടി രൂപ |
| കെ.എസ്.റ്റി 133 സൊസൈറ്റി | 0.13 കോടി രൂപ | 0.08 കോടി രൂപ |

എൽ.ഐ.സി. യിൽ നിന്നുമെടുത്ത വായ്പയുടെ മുതൽ തിരിച്ചടവ് (5 കോടി രൂപ) വാർഷിക തവണകളായിട്ടാണ് നൽകേണ്ടത്. ടി വായ്പയുടെ പലിശ (ശരാശരി 4.55 കോടി രൂപ വീതം)

| | | | |
|---|---|---|---|
| | | | അർദ്ധ വാർഷിക തവണകളായിട്ടാണ് നൽകേണ്ടത്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം നാളുകളായി കോർപ്പറേഷൻ ടി വായ്പാ തിരിച്ചടവ് നടത്തുന്നില്ല. |
| (ബി) | പ്രതിമാസം കെ.എസ്.ആർ.ടി.സി.യുടെ പരസ്യയിനം, വാടക, ടിക്കറ്റ് കളക്ഷൻ, മറ്റുവരുമാനങ്ങൾ ഉൾപ്പെടെയുള്ള വരുമാനമെത്ര എന്നും വിവിധയിനങ്ങളിലെ പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ശരാശരി വരുമാനം 167 കോടി രൂപയും ചെലവ് 270.08 കോടി രൂപയുമാണ്. വരവും ചെലവും തമ്മിലുള്ള അന്തരം 103.08 കോടി രൂപയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യാത്രക്കാരിൽ നിന്ന് സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എന്നുമുതൽ എന്നും മാസം തോറും പ്രസ്തുതയിനത്തിൽ എത്ര തുക ലഭിക്കുന്നുവെന്നും സെസ്സ് പിരിവിന്റെ പകർപ്പുകളുൾപ്പെടെ ലഭ്യമാക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയശേഷം ഏപ്രിൽ 2015-ൽ സെസ് ഇനത്തിൽ 5,15,56,827/- രൂപയും, മേയ് 2015-ൽ 5,80,04,163/- രൂപയും, ജൂൺ 2015-ൽ 5,16,74,413/- രൂപയും ലഭിച്ചു.<br><br>സെസ്സ് പിരിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള ആക്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കെ.യു.ആർ.ടി.സി. വിഭാഗത്തിൽ നിന്നും ലഭിക്കുന്ന മാസവരുമാനം എത്രയെന്നും ചെലവ് എത്രയെന്നും വ്യക്തമാക്കുമോ ; | (ഡി) | കെ.യു.ആർ.ടി.സി.യുടെ 2015 ഏപ്രിൽ മാസത്തെ വരുമാനം 6,20,49,206/- രൂപയും, ചെലവ് 7,67,84,810/- രൂപയുമാണ്. 2015 മെയ് മാസത്തെ വരുമാനം 10,79,22,053/- രൂപയും ചെലവ് 7,04,35,509/- രൂപയുമാണ്. |
| (ഇ) | കെ.യു.ആർ.ടി.സി. വിഭാഗത്തിൽ നിന്നും സെസ്സ് പിരിക്കാൻ കെ.എസ്.ആർ.ടി.സി. ക്ക് അവകാശമുണ്ടോ എന്നും അതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ? | (ഇ) | കെ.യു.ആർ.ടി.സി, കെ.എസ്.ആർ.റ്റി.സി. യുടെ ഉപ സ്ഥാപനമാകയാൽ കെ.യു.ആർ.ടി.സി, ബസ്സുകളിലെ യാത്രക്കാർക്കും സാമൂഹ്യ സുരക്ഷാ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ആയതിനാൽ കെ.യു.ആർ.ടി.സി. ബസ്സുകളിലും സെസ്സ് പിരിക്കുവാൻ കെ.എസ്.ആർ.റ്റി.സി.ക്ക് അവകാശമുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വ്യക്തമായ വകുപ്പുകൾ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**